# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 240 — 28.06.2016 ൽ - മറുപടിക്ക്

## ബി.പി.എൽ കാർഡ് ലഭിക്കുന്നതിനാവശ്യമായ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് ബി.പി.എൽ. കാർഡുകൾ പലതും എ.പി.എൽ. കാർഡുകളാക്കി മാറ്റിയിട്ടുള്ളതായി പരാതികൾ ലഭ്യമായിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) അർഹരായവർക്കെല്ലാം ബി.പി.എൽ. കാർഡ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;<br>(സി) ഇതിനായി സിവിൽ സപ്ലൈസ്, റവന്യൂ, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സംയുക്ത സമിതി രൂപീകരിച്ച് കാലതാമസം ഒഴിവാക്കി ബി.പി.എൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) & (സി) സ്വീകരിക്കും. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ/മുൻഗണനേതര കരട് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. കരട് മുൻഗണനാ പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും ഐ.സി.ഡി.എസ് സൂപ്പർവൈസർ, വില്ലേജ് ഓഫീസർ എന്നിവർ അംഗങ്ങളുമായ വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | 2016 ഏപ്രിൽ മുതൽ കേന്ദ്രത്തിൽ നിന്ന് അരിയുടെയും ഗോതമ്പിന്റെയും അഡ്ഹോക്ക് വിഹിതം (അഡീഷണൽ അലോട്ട്മെന്റ്) ലഭിക്കാതിരുന്നതിനാലാണ് 2016 ഏപ്രിൽ മുതൽ എ.പി.എൽ. വിഭാഗത്തിനുള്ള പ്രതിമാസ അരി വിഹിതം 7 കിലോ ഗ്രാമായും എ.പി.എൽ. ഗോതമ്പ് 1 കിലോ ഗ്രാമായും ബി.പി.എൽ. ഗോതമ്പ് 5 കിലോ ഗ്രാമായും നിജപ്പെടുത്തേണ്ടി വന്നത്. 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസത്തേയ്ക്ക് മാത്രമാണ് അഡ്ഹോക്ക് വിഹിതം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. 2016 ജൂലൈ മുതൽ അഡ്ഹോക്ക് വിഹിതം ലഭിച്ചെങ്കിൽ മാത്രമേ കുറവ് വരുത്തിയ അരി/ഗോതമ്പ് വിഹിതം പുന:സ്ഥാപിച്ച് വിതരണം നടത്തുന്നതിന് കഴിയുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Theelamma

*സെക്ഷൻ ഓഫീസർ*